കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി14)-1121/21, തീയതി.16.09.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി14)-1121/21, തീയതി.16.09.2021 തീയ്യതി: 10/02/2022

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-07-2021	28-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-07-2021	28-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബേബി പി.വി.,ഓഡിറ്റ് ഓഫീസർ

ശ്രീ.ജോമോൻ ഇ.കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ കെ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോയ്സൺ സി.ജെ.,ഓഡിറ്റർ

ശ്രീമതി.രേഖ ഇ.സി.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ലേഖ.വി.	സെക്രട്ടറി	01-04-2019	22-07-2019
സുഷമ.പി	സെക്രട്ടറി	23-07-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഹരിനാരായണൻ.ഇ.എൻ	അസിസ്റ്റന്റ്സെക്രട്ടറി	01-04-2019	31-03-2020
അജീഷ.ആർ	അസിസ്റ്റന്റ്എഞ്ചിനീയർ	01-04-2019	31-03-2020
ഷീലാഭായ്	എച്ച്.എം	01-04-2019	31-03-2020
കിഷോർകുമാർ.എം.കെ.	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2019	31-03-2020
ഹേന ജോയ്	മെഡിക്കൽ ഓഫീസർ ,ഹോമിയോ	01-04-2019	31-03-2020
ഷൈനി.കെ.എം	മെഡിക്കൽ ഓഫീസർ,ആയുർവ്വേദം	01-04-2019	31-03-2020
ഐശ്വര്യ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2019	31-03-2020
സുഷമ.സി.വി	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2019	31-03-2020
രേഖ.എം.ആർ	വി.ഇ.ഒ	01-04-2019	30-01-2020
ഒഴിവ്	വി.ഇ.ഒ	31-01-2020	31-03-2020
ലിജി.ഇ.പി.	വി.ഇ.ഒ	01-04-2019	31-03-2020
ജോമോൾ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2019	31-03-2020
വിനേഷ്കുമാർ.കെ.വി	കൃഷി ഓഫീസർ	01-04-2019	31-03-2020
പി.എ.ഫ്രാൻസിസ്	വെറ്ററിനറി സർജൻ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷിക ധനകാര്യപത്രിക	1-11
12	ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി അന്തരം	1-12
13	സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല	1-13
14	ലേല വസ്തുക്കൾ ജീർണ്ണാവസ്ഥയിൽ കിടക്കുന്നു.	1-14
15	അനധികൃതമായി ഫാമുകൾ പ്രവർത്തിച്ചു വരുന്നു.	1-15
16	തൊഴിൽ നികുതി	1-16
17	ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ കയ്യൊഴിക്കണം.	1-17
18	ലോഗ് ബുക്ക് പരിപാലനം-അപാകതകൾ	1-18
19	പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.	1-19
20	കുടിവെള്ള പദ്ധതി പൂർത്തീകരിക്കണം.	1-20
21	തൊഴിലുറപ്പ് പദ്ധതി അവലോകനം	1-21
22	കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-22
23	പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ.	1-23
24	കന്നുകുട്ടി പരിപാലന പദ്ധതി	1-24
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	73234333	114214483
ചെലവ്	72195873	113079962

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 20.02.2019 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 13.03.2020 തീയതിയിലെ 1- ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2020	26-08-20

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 9(1) വകുപ്പ് അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നുള്ള നിബന്ധന പാലിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

-	തുക (രൂപ)
മുന്നിരിപ്പ്	3874579
ഓഡിറ്റ് വർഷത്തെ വരവ്	42375242
ആകെ	46249821
ഓഡിറ്റ് വർഷത്തെ ചെലവ്	40101979
നീക്കിയിരിപ്പ്	6147842

1-4 ഫണ്ട് വിനിയോഗം

ക്രമ നമ്പർ	ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	കുറിപ്പ്
1	വികസനഫണ്ട് (ജനറൽ)	ഇല്ല	7357542	7357542	7357542		
2	വികസനഫണ്ട് (എസ്.സി.പി)	ഇല്ല	4200674	4200674	4200674		
3	വികസനഫണ്ട് (ടി.എസ്.പി)	ഇല്ല	-	-	-		
4	ധനകാര്യകമ്മീഷൻ ഗ്രാന്റ്	ഇല്ല	4242029	4242029	4242029		
5.	മെയിന്റനൻസ് ഗ്രാന്റ് റോഡ്	ഇല്ല	549983	549983	549983		
6.	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	ഇല്ല	1799272	1799272	1799272		
	സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനംതിരിച്ച്)						
7.	കുടുംബശ്രീ						
8.	ആയുർവേദം						
9.	വിമുക്തി	866	Nil	866	Nil	866	
10.	MLA ഫണ്ട്	-	-	-	-	-	
11.	എം.എൻ ലക്ഷംവീട്	-	-	-	-	-	
	കേന്ദ്രാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്)						
12.	ശുചിത്വമിഷൻ ഗ്രാന്റ്	347137	179977	527114	374248	152866	
13.	ഐ.സി.ഡി.എസ്	372099	347276	719375	400000	319375	
14.	TSC	Nil	1440000	1440000	1241202	198798	

1-5 പദ്ധതി അവലോകനം

അംഗീകാരംലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
145	51136862	134	27782715	10	1	54.33

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മേൽവിവരിച്ച പ്രകാരമുള്ള കണക്കുകൾ ഒട്ടും ആധികാരികമല്ല. കാരണം 66 മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചതിൽ തന്നെ 45 പ്രവൃത്തികൾ തൻവർഷം നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല ആയതിനാൽ വസ്തുതാപരമല്ലാത്ത വിശദാംശങ്ങൾ ലഭ്യമാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	6223	925538	931761	931397	364
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	Nil	19386695	19386695	19386695	Nil

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	36000	62
കർഷകതൊഴിലാളി പെൻഷൻ	1955400	569
വിധവാപെൻഷൻ	3138600	898
വാർദ്ധക്യകാലപെൻഷൻ	4023000	1137
വികലാംഗപെൻഷൻ	829200	237

അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ	408600	120
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 തീയതിയിൽ 3.20 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6125/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

തോളൂർ ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ ഏറെകുറെ കൃത്യമായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലോഗ് ബുക്ക് പരിപാലനത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി പുലർത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. അസി.എഞ്ചിനിയർ)പഞ്ചായത്തിൽ പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപികരിച്ചുട്ടുണ്ടെങ്കിലും ആയതിൽ ഓഡിറ്റ് കാലയളവിൽ വേണ്ടത്ര ക്രയവിക്രയങ്ങൾ നടത്തിയിട്ടില്ല. തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പലതും നടപ്പിലാക്കിയതായി കാണുന്നില്ല. ആഭ്യന്തരണ നിയന്ത്രണ സംവിധാനം കൂടുതൽ ശക്തമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.10.20	2019-20	02.01.21
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.12.20	2015-20	13.01.21

1-11 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.5.20 ലെ 11/1 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യപത്രികയിൽ റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം 3874579 രൂപ പ്രാരംഭബാക്കിയും 42375242 രൂപ തൻവർഷ വരവും 4010979 രൂപ തൻവർഷ ചെലവും 6147842 രൂപ നീക്കി ബാക്കിയുമായി ചേർത്തിരിക്കുന്നു. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പ്രകാരം 69649108 രൂപ വരുമാനവും 67249776 രൂപ ചെലവും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷത്തെ പഞ്ചായത്ത് ജനറൽ ഫണ്ട് 2404239.90 രൂപയാണ്.

1. 26.1.2011 ലെ ജി.ഒ(എം എസ്) 15/11 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിങ്ങ് നടത്തിയിട്ടില്ല. കാലികമാക്കിയിട്ടില്ല.

2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡി സി ബി തുക സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. ഭൂമി, വാഹനം എന്നീ ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെയുത്തിയിട്ടില്ല.

6. Cash Flow Statement ലെ Net Increase /Decrease In Cash Equivalence ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2273263 ആണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ Net Cash Generated By Operating +Investing+Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1190642 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുക പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. E M D രജിസ്റ്ററിൽ Bidders Emd എഴുതി സൂക്ഷിച്ചിരിക്കുന്നത് കൃത്യമല്ല. Opening Balance ആയി എഴുതി ചേർത്തിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. Advance Register ൽ Advance To Implementing Officers RP 47ൽ 431570 ആണ്. എന്നാൽ രജിസ്റ്ററിൽ 449570 ആണ്.

1-12 ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി അന്തരം

ഇനം	ബഡ്ജറ്റ് എസ്റ്റിമേറ്റ് സംഖ്യ	റിവൈസ്ഡ് എസ്റ്റിമേറ്റ് സംഖ്യ	യഥാർത്ഥ സംഖ്യ
വരവ്	73234333	142114483	42375242
ചെലവ്	72195873	113079962	40101979

1. യഥാർത്ഥ വരവ് ചെലവ് കണക്കുകളും ബഡ്ജറ്റ് എസ്റ്റിമേറ്റും തമ്മിൽ വ്യത്യാസമുണ്ട്.

2. സർക്കാർ ഉത്തരവ് (ആർ ടി) 3291/16 തി. 2.12.16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വാർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് നിയമം 214(7) വകുപ്പ് ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് നല്കിയിട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

തോളൂർ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1073 വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ ട്രേഡ്സ് ലിസ്റ്റിൽ 405 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡി&ഒ ലൈസൻസ് പ്രകാരം 417 സ്ഥാപനങ്ങളാണ് 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. വേക്കൻസി റെമിഷൻ അപേക്ഷകൾ ഒന്നാം അർദ്ധ വർഷവും രണ്ടാം അർദ്ധ വർഷവും പത്തിൽ താഴെ മാത്രമാണ്. ഗ്രാമപഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ പിരിച്ചെടുത്ത വസ്തുനികുതി 92% ആണ്. 668(1073-405) താമസേതര കെട്ടിടങ്ങളെ ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 668 താമസേതര കെട്ടിടങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ലൈസൻസ് എടുക്കാത്തതുമൂലം തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതുമൂലം ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തിന് തനതു വരുമാനത്തിൽ വലിയ നഷ്ടം സഭവിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഓരോ വാർഡിലെയും സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 ലേല വസ്തുക്കൾ ജീർണ്ണാവസ്ഥയിൽ കിടക്കുന്നു.

ലേലപരസ്യ നമ്പർ എ4/120/19 തി.26.9.19 പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ 42-ാം നമ്പർ അങ്കണവാടിയിൽ മുറിച്ചു സൂക്ഷിച്ചിരുന്ന തേക്ക് മരത്തിന്റെ ലേലം 09/10/2019-ാം തിയ്യതിയിൽ നടത്തുകയുണ്ടായി. ലേലത്തിൽ ആരും പങ്കെടുക്കാത്തതുമൂലം ലേലം നടന്നില്ല. പിന്നീട് 25.11.19, 3.1.20 എന്നീ തിയ്യതികളിൽ നടത്തിയെങ്കിലും ലേലങ്ങളിൽ ആരും പങ്കെടുക്കാത്തതുമൂലം ലേലം നടന്നില്ല. വാല്യുവേഷൻ പ്രകാരം 36,651/- രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/22.7.21 നൽകി, ലേലം ഇതുവരെ നടന്നില്ലായെന്നും തേക്ക് മരം അംഗനവാടിയിൽ സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചു. ഓഡിറ്റ് ടീം 27/7/21-ാം തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ 8 മരകഷ്ണങ്ങളിൽ 1 മാത്രമാണ് കാണാൻ സാധിച്ചത്. ആയത് ജീർണ്ണിച്ച അവസ്ഥയിലാണ്. ബാക്കിയുള്ള 7 മരകഷ്ണങ്ങൾ എവിടെയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. വാല്യുവേഷൻ 50%ത്തിൽ കുറച്ച് ലേലം നടത്തിയിരുന്നെങ്കിൽ ഒരുപക്ഷേ ലേലം നടക്കുമായിരുന്നു എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ആയതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 അനധികൃതമായി ഫാമുകൾ പ്രവർത്തിച്ചു വരുന്നു.

2019-20 സാമ്പത്തിക വർഷങ്ങളിൽ ഫാമുകളുടെ ലൈസൻസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനമൊന്നും കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷങ്ങളിൽ ഫാമുകൾക്കൊന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഓഡിറ്റ് ടീം 27.07.2021-ാം തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ 12-ാം വാർഡിൽ അനധികൃതമായി കോഴി, പശു ഫാമുകൾ പ്രവർത്തിച്ചു വരുന്നത് കാണാൻ സാധിച്ചു. ആയതിനാൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന കോഴി, പശു ഫാമുകളെ വസ്തുനികുതി, ലൈസൻസ് പരിധികളിൽ കൊണ്ടുവരേണ്ടതാണ്.

1-16 തൊഴിൽ നികുതി

I)2019-20 വർഷത്തെ എഫ്.എ.സി.ടി.ഇ.ഒ.എസ് രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	എഫ്.എ.സി.ടി.ഇ.ഒ.എസ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ എണ്ണം
1.	അമല അരികാനട്ട് പ്രോസസ്സിംഗ് യൂണിറ്റ്	20
2.	സിൽവർ കോണ്ടിമെന്റ്	15
3.	അരങ്ങാശ്ശേരി ഫ്രാൻസിസ് ആൻഡ് സൺസ് സിമെന്റ് പ്രോഡക്ട്	10
4.	പോപ്പുലർ ഫുഡ്സ് (2/ 208)	7
5.	അറ്റ്ലി ബീറ്റ്സ് സ്റ്റുഡിയോ	7
6.	ഗ്രാന്റ്സ് ഫ്ലവർ മിൽ	5
7.	തോളൂർ ട്രേഡിങ്ങ് (5/ 82 ബി)	5
8.	ബ്രൈറ്റ് ഫ്ലോർ മിൽ (10 / 56)	5
9.	ഡിവൈൻ നാച്ചുറൽ ഫുഡ് പ്രോഡക്റ്റ് (11 /159)	5
10.	സവേര ഡിസൈൻ ടൈൽസ് ആൻഡ് പാവിങ്ബ്ലൈക്ക്	5
11.	പറപ്പൂർ സർവീസ് കോപ്പറേറ്റീവ് മെഡിക്കൽസ്	5

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തു ഈടാക്കി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.
II)താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവു കാണുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അർദ്ധ വാർഷിക വരുമാനം	സ്ലാബ് പ്രകാരം ഈടാക്കേണ്ട തുക	ഈടാക്കിയ തുക
1	ജി.എൽ . പി എസ് മുള്ളൂർ	60530	600	300 (27/8/19) ഒന്നാം അർദ്ധ വർഷം
2	എടക്കളത്തൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്	75306	750	600(4/2/20) രണ്ടാം അർദ്ധ വർഷം

സ്ലാബ് പ്രകാരം ഈടാക്കേണ്ട തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ട താണ്
3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും 8 കള്ളു ഷാപ്പുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തു ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

1-17 ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ കയ്യൊഴിക്കണം.

പദ്ധതി നമ്പർ 7/19-20, 108/19-20 (സ്പിൽ ഓവർ)

തെരുവ് വിളക്ക് പരിപാലനം

1.അടങ്കൽ -100000

ചെലവ് - 77000

2.അടങ്കൽ -51700

ചെലവ് - 29400

നിർവ്വഹണം -സെക്രട്ടറി

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 ലെ ജി 2-44274/15 ഉത്തരവ് പ്രകാരം അടാട്ട് മോഡൽ അവലംബിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടുള്ളതിൽ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ കാര്യങ്ങളും ഉൾപ്പെടുത്തുന്നില്ലായെന്നും ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ലായെന്നും കാണുന്നു. കൂടാതെ ഉപയാഗ ശൂന്യമായ തെരുവുവിളക്ക് സാമഗ്രികൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് യഥാവിധി കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 8AW-ബി-6692 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ സബ്ബ് ഡിവിഷൻ ചാലക്കുടിയുടെ 20/02/20ലെ D1/PAN/371/19-20 നമ്പർ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമതാ വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും, വാഹനത്തിന് ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3)ഫ്യുവൽ രജിസ്റ്റർ/റിപ്പയർ രജിസ്റ്റർ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാഹനവുമായി ബന്ധപ്പെട്ട എല്ലാ അറ്റകുറ്റ പണികളുടെ വിവരങ്ങളും ടി രജിസ്റ്ററിൽ ചേർക്കുന്നില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്ധ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-19 പൊതുടാപ്പ് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-4/19-20

"കുടിവെള്ളക്കരം അടവാക്കൽ "

അടങ്കൽ -4,20,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -4,20,000

നിർവ്വഹണം -സെക്രട്ടറി

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള എൺപത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 4,20,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ എണ്ണത്തെപ്പറ്റി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന സമീപകാലത്ത് നടത്തിയിട്ടില്ലായെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/ തിയ്യതി 22/7/21) മറുപടി ലഭിച്ചിട്ടുള്ളത്. സംയുക്ത പരിശോധനയുടെ അഭാവത്തിൽ ലഭ്യമാകുന്ന സേവനത്തിന് തന്നെയാണ് പ്ലാൻ ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുക ചെലവ് ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ സാധിക്കില്ല. ഇക്കാര്യത്തിൽ ജി.ഒ(സാധാ)1275/09 30-5-2009, (ത.സ്വ.ഭ.വ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-20 കുടിവെള്ള പദ്ധതി പൂർത്തീകരിക്കണം.

പദ്ധതി നമ്പർ 150/19-20

“ അമ്പലനട ഐക്കരപുറം കുടിവെള്ള പദ്ധതി”

അടങ്കൽ -5,60,000

ചെലവ് -5,60,000

എസ്.സി.പി ഫണ്ട്

നിർവ്വഹണം സെക്രട്ടറി .

മേൽ പദ്ധതി പ്രകാരം അമ്പലനട ഐക്കരപുറം കുടിവെള്ള പദ്ധതി (എസ്.സി) നടപ്പാക്കുന്നതിനായി ഭൂജല വകുപ്പിന് 19/3/20 തിയ്യതി 5,60,000 രൂപ നൽകിയിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി പദ്ധതി നാളിതു വരെയായി പൂർത്തിയാക്കി സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തിയ്യതി 22-07-21ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് വ്യാപനം മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാത്തതെന്നും നടപ്പു വർഷത്തിൽ തന്നെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരം ടി പ്രവർത്തികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ മുഴുവൻ തുകയും കൈമാറാൻ സാധിക്കുകയുള്ളൂ. ആയതിനാൽ എത്രയും വേഗത്തിൽ പദ്ധതി പൂർത്തിയാക്കേണ്ടതാണ്. കൂടാതെ ടി കാര്യത്തിനായി ചമച്ചിരിക്കുന്ന കരാർ അപൂർണ്ണമാണ്. അപൂർണ്ണമായ കരാറുകൾ ആയവയുടെ സാധുത ഉറപ്പുവരുത്തുകയില്ല എന്നതിനാൽ മേലിൽ കരാറുകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-21 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20വർഷത്തിൽ തോളൂർ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ആകെ വരവ് -	20318456
ആകെ ചെലവ് -	20318092
നീക്കിയിരുപ്പ് -	364
തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം	919
നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ	402
വിഭാവനം ചെയ്ത പദ്ധതികൾ	130
പൂർത്തിയാക്കിയ പദ്ധതികൾ	120
വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം	3005
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	59078

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 92ശതമാനം മാത്രം പൂർത്തിയാക്കിയിട്ടുള്ളതും മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു . തൊഴിൽ ലഭ്യമാക്കിയ 919 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 402 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരും വർഷങ്ങളിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ പരമാവധി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 20 ഓളം കുടിവെള്ള പദ്ധതികൾ ഉള്ളതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നം.10/ 27.7.21പ്രകാരം പൊതുവായ കുടിവെള്ള പദ്ധതികൾ, പട്ടികജാതി കുടിവെള്ള പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം പൊതുവായ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് അവർക്ക് വിട്ടു നല്കേണ്ടതാണ്. എടക്കളത്തൂർ വടക്കേമുറി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 5000/ - ഓളം അടവാക്കുന്നതായി കാണുന്നു. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-23 പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019 20വർഷത്തിൽ സുലേഖ പത്രിക പ്രകാരം 66 പ്രോജക്ടുകൾക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 21 പ്രോജക്ടുകളുടെ ചെലവുകളാണ് തൻവർഷം നടന്നിട്ടുള്ളത്. ആകെ അടങ്കൽ 22029531/ - രൂപയും ചെലവ് 4848773/ -രൂപയുമാണ്. 22% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

അംഗികാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2019-20 വർഷത്തിൽ പല പ്രോജക്ടുകളും സമയ ബന്ധിതമായി പൂർത്തികരിച്ചിട്ടില്ല. പ്രോജക്ട് പൂർത്തികരണത്തിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ കാണുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും എഴുതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററും ശരിയായ മാതൃകയിലല്ല പരിപാലിക്കുന്നത്. പ്രോജക്ട് രജിസ്റ്ററിൽ അപൂർണ്ണമായ രേഖപ്പെടുത്തലുകളാണ് നടത്തിയിട്ടുള്ളത്. കാഷ് ബുക്ക് TR.7A ഫോർമാറ്റിൽ എഴുതി സൂക്ഷിക്കുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതും, രേഖകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതുമാണ്.

1-24 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം. 22/20

അടങ്കൽ 1250000

ചെലവ് 1250000

ബിൽ നം.3/22.1.2020 തുക 312500

2019-20 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ എസ് എൽ ബി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

ക്രമ നം	ഗുണഭോക്താവ്	കാലിത്തീറ്റ അവസാനം കൈപറ്റിയ തിയ്യതി
1	ശ്രീ വേലായുധൻ പഴമുക്കിൽ	28.9.20
2	ശ്രീ അച്ച്യുതൻ, എടത്തറ	8.3.2021
3	ശ്രീ പി എൽ ഡേവീസ്, പാണേങ്ങാടൻ	6.3.2021

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 29-7-2021ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ പശുകുട്ടികൾ മരണപ്പെടുകയും ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (വകയിരുത്തിയത്)	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	10,00,000	LIFE(G)-23	10,00,000	23,00,000
		10,00,000	LIFE(SC)	10,00,000	
		1,00,000	ശാരീരിക മാനസിക വെല്ലുവിളി-25	1,00,000	

		2,00,000	ക്ഷീര കർഷകർക്ക് സബ്സിഡി	2,00,000	
ജില്ല പഞ്ചായത്ത്		2,00,000	പാലിയേറ്റീവ് -42	2,00,000	5,50,000
		2,00,000	ശാരീരിക മാനസിക വെല്ലുവിളി	2,00,000	
		2,00,000	ക്ഷീര കർഷകർക്ക് സബ്സിഡി	1,50,000	

.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നമ്പർ / ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് മെയിൻ നീട്ടൽ	21900629	112336	112336	0
കെ.എസ്.ഇ.ബി	പറപ്പൂർ സെന്ററിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ	21900445	787832	787832	0
ഭൂജല വകുപ്പ്	കരുവാൻപ്പടി നാഗത്തൻകാവ് കുടിവെള്ള പദ്ധതി	219010720	427103	ലഭ്യമാക്കിയിട്ടില്ല.	
ഭൂജല വകുപ്പ്	ഗാന്ധി നഗർ കുടിവെള്ള പദ്ധതി	21900466	200000	200000	0
ഭൂജല വകുപ്പ്	അംബാല നട ഐക്കരപുരം കുടിവെള്ള പദ്ധതി	21900930	560000	560000	0
ഭൂജല വകുപ്പ്	ചീനക്കുളം കുടിവെള്ള പദ്ധതി 3	21900627	17314	17314	
ഭൂജല വകുപ്പ്	ചെറുവത്തൂർ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി പൂർത്തീകരണം	21900646	230247	230247	
ഭൂജല വകുപ്പ്	ചാലക്കൽ മഠം പരിസരം ബോർവെൽ നിർമ്മാണം പൂർത്തീകരണം	21900628	28160	28160	
ഭൂജല വകുപ്പ്	വിവിധ കുടിവെള്ള പദ്ധതികളുടെ ഫിൽറ്റർ ഫ്ളഷിങ്	21901059	13550	ലഭ്യമാക്കിയിട്ടില്ല.	
ഭൂജല വകുപ്പ്	ഗാന്ധിനഗർ കുടിവെള്ള പദ്ധതി വാർഡ് 13 പൈപ്പ് ലൈൻ നീട്ടൽ	21901081	20000	ലഭ്യമാക്കിയിട്ടില്ല.	

അപൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്ന നടപടി ശരിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നം.തിയ്യതി.	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷാവസാനം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് മിഷൻ പദ്ധതി(KURDFC)	ലഭ്യമാക്കിയില്ല	824750	824750	176471	648279

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	50000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	50000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	50000

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും	രസീത് നമ്പർ, തീയതി
2017-18	2-3	3600	ഫ്രാൻസിസ്	119010100371/18.5.19
	2-3(4)	600	നിഷാം ഷാജു	119010100407/23.5.19
	2-3(4)	6000	അമൃതം ഫുഡ് സപ്ലിമെന്റ് സി.എച്ച്.സി, തോളൂർ	119010100423/24.5.19
	2-3	5600	ജസ്റ്റിൻ പി ജോസ്	119010100481/30.5.19
	2-3	600	നന്ദകുമാർ	119010100514/4.6.19
	2-3	900	ഡോ.റോമിയോ ജെയിംസ്	119010100530/4.6.19

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമായിട്ടില്ല.

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	42375242
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	40101979
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തീ. 16.07.15/13.10.15
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തീ. 2.7.16/21.7.16
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 07/17 തീ. 30.01.17
2016-17	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 1312/17 തീ. 04.12.17/15.12.17
2017-18	കെ.എസ്.എ.ടി.എസ്.ആർ.(പി.3)-23/2019 തീ.06.02.19/17.02.19
2018-19	കെ.എസ്.എ.ടി.എസ്.ആർ.(പി.3)-1755/19, തീ.16.12.19

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്